Draft #4 of File 36036/EA 2-2/2022/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 26-Mar-2022 03:17 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

**സർവ്വകലാശാലാ പരീക്ഷകൾ - സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ 08.02.2022 തീയതിയിൽ ചേർന്ന യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 3138/EA 2/2022/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 26.03.2022

---

*പരാമർശം:*-1 .വൈസ് ചാൻസലറുടെ ചേംബറിൽ 08.02.2022 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2 . 06.03.2022 -ലെ സ.ഉ.നം 2353/EA 2/2022/എം.ജി.യു.

**ഉത്തരവ്**

സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് 08.02.2022-ന് രാവിലെ 11.30 മണിക്ക് വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് പരാമർശം (2) പ്രകാരം സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത യോഗം പരാമർശം (1) പ്രകാരം സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരുമാനങ്ങൾ കൂടി കൈക്കൊണ്ടിരുന്നു.

1. വിജ്ഞാപനം ചെയ്തിട്ട് ഇനിയും നടക്കുവാനുള്ള സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷയുടെ ഭാഷാവിഷയങ്ങളുടെ പരീക്ഷ നടപടികൾ 2007 അടിസ്ഥാന വർഷമായി സ്വീകരിച്ചു കൊണ്ട് ആരംഭിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി 2007-ൽ നിലവിലുള്ള സിലബസുകൾ സർവ്വകലാശാലാ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് . പരീക്ഷകൾ 2022 ഏപ്രിൽ മാസത്തിൽ തുടങ്ങേണ്ടതും ആയതിന്റെ വിജ്ഞാപനം 2022 മാർച്ച് മാസത്തിൽ തന്നെ പുറപ്പെടുവിക്കേണ്ടതുമാണ് .

2. ഇനിയും നടക്കുവാനുള്ള യു.ജി പാർട്ട് 1,പാർട്ട് 2 പരീക്ഷകളുടെ സിലബസ്, ആവശ്യമായ കൂടിയാലോചനകൾക്കുശേഷം പ്രഖ്യാപിക്കേണ്ടതും തത്സംബന്ധമായ റഫറൻസ് ബുക്കുകൾ തീരുമാനിക്കേണ്ടതുമാണ്.ഇത്തരം നടപടികൾക്ക് ആവശ്യമായ റെഗുലേഷൻ ഭേദഗതികൾക്ക് അക്കാദമിക് കൗൺസിൽ അംഗീകാരം ആവശ്യമാണ്.ആയതിനാൽ ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്ക വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
3. സി.ഇ സെക്ഷൻ / ഇ.എ I / അക്കാദമിക് / ടാബുലേഷൻ സെക്ഷനുകൾ
4. എ.ആർ /ഡി.ആർ /ജെ.ആർ (പരീക്ഷ/ അക്കാദമിക വിഭാഗം )
5. ഐ.ക്യൂ.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 36036/EA 2-2/2022/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 26-Mar-2022 03:17 PM - Page 2